File No.SJD/291/2022-G2

I/23805/2022

<u>വിവരാവകാശം/മറുപടി</u>

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :31/01/2022
Email - swdkerala@gmail.com
Phone - 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ.പ്രതാപ് കുമാർ .ആർ,
പവിത്രം,
നിയർ ഐശ്വര്യ ഓഡിറ്റോറിയം,
നിലമ്പൂർ പി.ഒ, മലപ്പുറം - 679 329

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 05.01.2022 തീയതിയിലെ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു

ചോദ്യം (1): വൃദ്ധസദനങ്ങളിലെ താമസക്കാർ, അവരുടെ സ്വന്തം ഇഷ്ടപ്രകാരം പൂർണ്ണസമ്മതത്തോടെ അവർ താമസിക്കുന്ന സ്ഥാപനത്തിലേക്ക് പണമായോ മറ്റ് സാധനങ്ങളായോ സംഭാവന ചെയ്യാൻ പാടില്ല എന്ന ഉത്തരവ് ഉണ്ടോ ? ഉണ്ടെങ്കിൽ ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുക.

ഉത്തരം -ഉത്തരവ് നിലവിലില്ല

ചോദ്യം (2) : വ്യക്തികൾ , പണമായോ മറ്റു സാധനങ്ങളായോ സംഭാവന നൽകുമ്പോൾ വകുപ്പ് ഡയറക്ടറുടെ സമ്മതം വേണമെന്നുള്ള നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുക

ഉത്തരം - സംഭാവന സ്വീകരിക്കുമ്പോൾ ഡയറക്ടറുടെ സമ്മതം വേണമെന്ന ഉത്തരവ് നിലവിലില്ല.

ചോദ്യം (3) 21.08.2018 തീയതിയിൽ ലഭിച്ച സർക്കാർ കത്ത് നം സാ.നീ.വ/സി1-205/2018-സാനീവ നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

ഉത്തരം- കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

ചോദ്യം4 - തൃശ്ശൂർ ഗവ. വൃദ്ധസദനത്തിൽ ഏർട്ടിക കാർ വാങ്ങിയതുമായി ബന്ധപ്പെട്ട് വകുപ്പ് തലഇന്റേണൽ വിജിലൻസ് അംഗങ്ങളായ സുഭാഷ്(അസി.ഡയറക്ടർ), അജിത് (ജെ.എസ്)തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

ഉത്തരം - അന്വേഷണ റിപ്പോർട്ടുമായി ബന്ധപ്പെട്ട ജീവനക്കാരൻ വനിതാ ശിശു വികസന വകുപ്പിലായതിനാൽ ഇതു മായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് വനിതാ

File No.SJD/291/2022-G2

I/23805/2022

ശിശുവികസന വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

ചോദ്യം (5) ക്രമനമ്പർ (4) ൽ പറഞ്ഞ അന്വേഷണ വുമായി ബന്ധപ്പെട്ട ഫയലിന്റെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

ഉത്തരം - അന്വേഷണ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഫയൽ വനിതാശിശുവികസന വകുപ്പിന് കൈമാറിയതിനാൽ ഇതുമായി ബന്ധപ്പെട്ട നോട്ട് ഫയൽ ഈ കാര്യാലയത്തിൽ ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു.

മേൽ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ താങ്കൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിലെ അപ്പീൽ അധികാരിയ്ക്ക് 30 ദിവസത്തിനകം ചുവടെ ചേർത്തിട്ടുള്ള വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്

**അസി. ഡയറക്ടർ & അപ്പീൽ അധികാരി,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്,**
**വികാസ് ഭവൻ 5th Floor,**
**തിരുവനന്തപുരം.**

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് പബ്ലികഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യ നീതി ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം.**